"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഏറണാകുളം ജില്ല - കുട്ടമ്പുഴ ഗ്രാമപഞ്ചായത്ത് - ഗവ. ഹൈസ്കൂൾ മാമലക്കണ്ടം, ഗവ. ഹൈസ്കൂൾ പിണവൂർക്കുടി എന്നീ സ്കൂളുകളിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് പ്രഭാതഭക്ഷണം നൽകാൻ പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1870/2025/LSGD തീയതി,തിരുവനന്തപുരം, 29-07-2025

---

പരാമർശം:-

1. ഏറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 05.11.2024 ലെ കത്തുകളും, ഏറണാകുളം ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 25.06.2024ലെ 6(4) നമ്പർ തീരുമാനമാവും.
2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 24.04.2025 ലെ യോഗതീരുമാനം 4.40.
3. പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ 25.06.2025 ലെ STDD/2094/2025-C3 നമ്പർ കത്ത്.
4. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 24.06.2025 ലെ യോഗതീരുമാനം 2.7 ഖണ്ഡിക 4.40.

**<u>ഉത്തരവ്</u>**

ഏറണാകുളം ജില്ലയിലെ കുട്ടമ്പുഴ ഗ്രാമപഞ്ചായത്തിലെ മാമലക്കണ്ടം ഗവ. ഹൈസ്കൂൾ , പിണവൂർക്കുടി ഗവ. ഹൈസ്കൂൾ എന്നീ സ്കൂളുകളിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് പ്രഭാതഭക്ഷണം നൽകാൻ പ്രത്യേക അനുമതി നൽകണമെന്ന് പരാമർശം (1) പ്രകാരം ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം പരാമർശം (2) പ്രകാരം ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ യോഗത്തിൽ പരിശോധിയ്ക്കുകയും, ഒരേ സ്കൂളിൽ പഠിക്കുന്ന വിദ്യാർത്ഥികളിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന കുട്ടികൾക്ക് മാത്രം ഭക്ഷണം നൽകുന്ന രീതി ഉചിതമല്ലാത്തിനാൽ ആവശ്യം നിരസിക്കുകയും എന്നാൽ 2024-25 വർഷം ആദ്യം മുതൽ തുടരുന്ന പ്രോജക്ടായതിനാൽ ടി അദ്ധ്യയന വർഷം പ്രഭാതഭക്ഷണം നൽകിയതിന് സാധൂകരണം നൽകുകയും പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്ന് പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് പ്രഭാതഭക്ഷണം ലഭ്യമാക്കുന്നതിന്റെ സാധ്യത പരിശോധിച്ച് റിപ്പോർട്ട് നൽകുവാൻ പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു.

തുടർന്ന് പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ പരാമർശം (3) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിൽ മേൽ വിഷയം പരാമർശം (4) പ്രകാരം ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ യോഗത്തിൽ

വീണ്ടും പരിശോധിച്ചു. ഗവ. ഹൈസ്കൂൾ മാമലക്കണ്ടം, ഗവ. ഹൈസ്കൂൾ പിണവൂർക്കുടി എന്നീ സ്കൂളുകൾ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ താമസിക്കുന്ന പ്രദേശത്തായതിനാലും മുൻവർഷങ്ങളിൽ നടപ്പാക്കിക്കൊണ്ടിരുന്ന പ്രോജക്ടായതിനാലും പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദീപ റ്റി വി
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് സെക്രട്ടറി / പ്രസിഡണ്ട്, കുട്ടമ്പുഴ ഗ്രാമ പഞ്ചായത്ത്
ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി / പ്രസിഡണ്ട്, കോതമംഗലം ബ്ലോക്ക് പഞ്ചായത്ത്
ജില്ലാ പഞ്ചായത്ത് സെക്രട്ടറി / പ്രസിഡണ്ട്, ഏറണാകുളം ജില്ലാ പഞ്ചായത്ത്
ജില്ലാ പ്ലാനിംഗ് ഓഫീസർ, ഏറണാകുളം ജില്ല
ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, ഏറണാകുളം ജില്ല
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
ഡയറക്ടർ പട്ടികവർഗ്ഗ വികസന വകുപ്പ്
ജില്ലാ പട്ടികവർഗ്ഗ വികസന ഓഫീസർ, ഏറണാകുളം ജില്ല
ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഡയറക്ടർ സംസ്ഥാന ഓഡിറ്റ് വകുപ്പ്
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Viraj K
Date: 29-07-2025 17:41:26

പകർപ്പ് :-
തദ്ദേശ സ്വയംഭരണ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി എ യ്ക്ക്
തദ്ദേശ സ്വയംഭരണ സ്പെഷ്യൽ സെക്രട്ടറിയുടെ പി എ യ്ക്ക്
തദ്ദേശ സ്വയംഭരണ ജോയിന്റ് സെക്രട്ടറിയുടെ സി എ യ്ക്ക്